(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഇൻവെസ്റ്റുമെന്റ് പ്രൊമോഷൻ ബോർഡിന്റെ പ്രവർത്തന പുരോഗതി

1 [2128] ശ്രീ. ടി. കെ. ബാലൻ:

,, കെ. രാധാകൃഷ്ണൻ:

,, വി. ചെന്താമരാക്ഷൻ:

,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിക്ഷേപ സംരംഭങ്ങൾക്ക് അതിവേഗം അനുമതി നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള ഇൻവെസ്റ്റുമെന്റ് പ്രൊമോഷൻ ബോർഡിന്റെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് വ്യവസായ മേഖലയിൽ എത്ര സംരംഭങ്ങൾക്ക് ഈ ബോർഡ് ഇതിനകം അനുമതി നൽകിക്കഴിഞ്ഞു;

(സി) അനുമതി നൽകിയ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിനകം അനുമതി നൽകിയ സ്ഥാപനങ്ങളിലൂടെ സംസ്ഥാനത്ത് എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജിമ്മിൽ വന്ന 96 പദ്ധതികളിൽ 40 എണ്ണത്തിന് ക്ലിയറൻസ് നൽകുവാൻ ഇൻവെസ്റ്റുമെന്റ് പ്രൊമോഷൻ ബോർഡ് ശുപാർശ ചെയ്തപ്രകാരം സർക്കാർ അംഗീകാരം നൽകി.

(ബി) 40 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) അനുമതി നൽകപ്പെട്ട പദ്ധതികളിൽ പ്രവർത്തനമാരംഭിച്ച 9 എണ്ണത്തിന്റെ മൂലധന നിക്ഷേപം 148.75 കോടി രൂപയാണ്. ബാക്കി 31 പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

ജിം-ന്റെ ഭാഗമായി നടത്തിവരുന്ന സ്ഥാപനങ്ങൾ

2 [2129] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിം മുഖേന ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾവഴി പുതുതായി എത്രപേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്;

(ബി) ഇനിയും പുതിയ എത്ര സ്ഥാപനങ്ങൾ തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്; വിശദാംശങ്ങൾ നൽകുമോ?

---

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1507 പേർക്ക്.

(ബി) ജിം മുഖേന വന്ന പദ്ധതികളിൽ 13 എണ്ണം പ്രവർത്തനം ആരംഭിച്ചു. ബാക്കിയുള്ളവ വിവിധഘട്ടങ്ങളിലാണ്. അതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. †

തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ സംരക്ഷിക്കാൻ പദ്ധതി

3 [2130] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങളുടെ അടച്ചുപൂട്ടൽമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ സംരക്ഷിക്കാൻ സംസ്ഥാന സർക്കാരിന് എന്തെങ്കിലും പദ്ധതിയുണ്ടോ?

ഉത്തരം

സംസ്ഥാനത്ത് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി പിരിഞ്ഞുപോകുന്ന ജീവനക്കാർക്കുവേണ്ടി ഒരു സാമൂഹിക സുരക്ഷിതത്വ പദ്ധതി (എസ്.എസ്.എൻ.പി.) സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം പിരിഞ്ഞുപോകുന്ന ജീവനക്കാർക്ക് പുതിയ തൊഴിൽ കണ്ടെത്തുന്നതിനുള്ള ഗൈഡൻസ്, അതിനാവശ്യമായ പരിശീലനം മുതലായവ നൽകുന്നതിനുള്ള പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിനുപുറമെ പുനരുദ്ധാരണയോഗ്യമായ ചെറുകിട വ്യവസായങ്ങളെ ധനകാര്യസ്ഥാപനങ്ങളുടേയും സർക്കാരിന്റേയും സാമ്പത്തിക സഹായസഹകരണത്തോടെ പുനരുദ്ധരിക്കാനുള്ള ശ്രമങ്ങൾ ജില്ലാ വ്യവസായകേന്ദ്രങ്ങൾ, വാണിജ്യ വ്യവസായ ഡയറക്ടറേറ്റ് എന്നിവ വഴി നടത്തിവരുന്നുണ്ട്.

മെഴുകുതിരി നിർമ്മാണ കേന്ദ്രങ്ങൾ

4 [2131] ശ്രീ. സി. കെ. നാണു:

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. എ. സി. ഷൺമുഖദാസ്:

,, കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റിന്റെ അംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്ന എത്ര വൻകിട-ചെറുകിട മെഴുകുതിരി നിർമ്മാണ കേന്ദ്രങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വ്യവസായ വകുപ്പിന്റെ കീഴിൽ മെഴുകുതിരി ഉൽപ്പാദിപ്പിക്കുന്ന എത്ര വ്യവസായ സഹകരണ സംഘങ്ങൾ ഉണ്ട്;

(സി) ഈ വ്യവസായ സഹകരണ സംഘങ്ങൾക്ക് ഗവൺമെന്റ് എന്തെല്ലാം സഹായങ്ങളാണ് ചെയ്തുകൊടുക്കുന്നതെന്ന് അറിയിക്കാമോ;

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly